**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2903** **22-01-2021 - ൽ മറുപടിയ്ക്ക്**

**തോട്ടം തൊഴിലാളികളുടെ പുനരധിവാസം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എസ്. രാജേന്ദ്രൻ | | **Shri. T. P . Ramakrishnan**<br>(തൊഴിലും എക്സൈസും വകുപ്പുമന്ത്രി) | |
| (എ) | കഴിഞ്ഞ അഞ്ചു വർഷക്കാലയളവിൽ തോട്ടം തൊഴിലാളികളുടെ പുനരധിവാസവുമായി ബന്ധപ്പെട്ട് ദേവികുളം മണ്ഡലത്തിൽ എന്തൊക്കെ കാര്യങ്ങൾ നടപ്പിലാക്കിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ; | (എ) | (എ) യും (ബി) യും - ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം തോട്ടം തൊഴിലാളികളുടെ പുനരധിവാസവുമായി ബന്ധപ്പെട്ട് ഇടുക്കി ജില്ലയിലെ ദേവികുളം താലൂക്കിൽ കുറ്റിയാർവാലിയിൽ തോട്ടം തൊഴിലാളികൾക്കായി ഭവന നിർമ്മാണ പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. ഇതിനായി ലൈഫ് ഗുണഭോക്തൃലിസ്റ്റിൽ ഉൾപ്പെട്ട 10 തോട്ടം തൊഴിലാളികളെ തെരഞ്ഞെടുക്കുകയും ആയതിൽ 5 വീടുകളുടെ താക്കോൽ ദാനം 2020 ജനുവരിയിൽ ബഹു. തൊഴിൽ വകുപ്പ് മന്ത്രി നിർവ്വഹിച്ചിട്ടുള്ളതുമാണ്. അവശേഷിക്കുന്ന 5 വീടുകളുടെ നിർമ്മാണം ഒരു മാസത്തിനുള്ളിൽ പൂർത്തീകരിക്കുവാൻ ലക്ഷ്യമിടുന്നു. ദേവികുളം താലൂക്കിൽ കെ.ഡി.എച്ച്.പി. - യുടെ ന്യായമക്കാട് എസ്റ്റേറ്റിന്റെ പെട്ടിമുടി ഡിവിഷനിൽ ഉണ്ടായ ഉരുൾപൊട്ടലിൽ വീട് നഷ്ടപ്പെട്ട തോട്ടം തൊഴിലാളികൾക്ക് സർക്കാർ കുറ്റിയാർ വാലിയിൽ അനുവദിച്ച ഭൂമിയിൽ കെ.ഡി.എച്ച്.പി. കമ്പനി നിർമ്മിച്ച് വരുന്ന 8 വീടുകളുടെ നിർമ്മാണം അന്തിമ ഘട്ടത്തിലാണ്. ഭവനരഹിതരും ഭൂരഹിതരുമായ തോട്ടം തൊഴിലാളികൾക്കുള്ള ഭവനം പ്രോജക്ട് ആയ-ഓൺ യുവർ ഓൺ ഹൗസിംഗ് സ്കീമിന് കീഴിൽ G+2 മാതൃകയിൽ 400 ചതുരശ്രഅടി വിസ്തീർണ്ണമുള്ള 9 അപ്പാർട്ട്മെന്റുകൾ ഉൾപ്പെടുന്ന സാന്ദ്രത കുറഞ്ഞ കെട്ടിടങ്ങൾ നിർമ്മിക്കുന്നതിനായി ദേവികുളം താലൂക്ക് കെ.ഡി.എച്ച്. വില്ലേജിലെ സർവേ നമ്പർ 63-ലുള്ള 5 ഏക്കർ 49 സെന്റ് സ്ഥലം കണ്ടെത്തിയിട്ടുണ്ട്. പ്രസ്തുത ഭൂമി തൊഴിൽ വകുപ്പിന് ലഭ്യമാക്കുന്നതിനായി ജില്ലാ കളക്ടർക്ക് അപേക്ഷ നൽകുകയും തഹസിൽദാർ സംയുക്ത സൈറ്റ് പരിശോധന നടത്തി, അതിർത്തിക്കല്ലുകൾ സ്ഥാപിച്ച് ഭൂമി അടയാളപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. |

| | | | |
|---|---|---|---|
| | | | സ്ഥലം ഏറ്റെടുക്കുന്ന മുറയ്ക്ക് നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതാണ്. |
| (ബി) | അവയുടെ നിർവ്വഹണ പുരോഗതി സംബന്ധിച്ച് വിശദാംശം ലഭ്യമാക്കാമോ? | (ബി) | (എ) യും (ബി) യും - ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം തോട്ടം തൊഴിലാളികളുടെ പുനരധിവാസവുമായി ബന്ധപ്പെട്ട് ഇടുക്കി ജില്ലയിലെ ദേവികുളം താലൂക്കിൽ കുറ്റിയാർവാലിയിൽ തോട്ടം തൊഴിലാളികൾക്കായി ഭവന നിർമ്മാണ പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. ഇതിനായി ലൈഫ് ഗുണഭോക്തൃലിസ്റ്റിൽ ഉൾപ്പെട്ട 10 തോട്ടം തൊഴിലാളികളെ തെരഞ്ഞെടുക്കുകയും ആയതിൽ 5 വീടുകളുടെ താക്കോൽ ദാനം 2020 ജനുവരിയിൽ ബഹു. തൊഴിൽ വകുപ്പ് മന്ത്രി നിർവ്വഹിച്ചിട്ടുള്ളതുമാണ്. അവശേഷിക്കുന്ന 5 വീടുകളുടെ നിർമ്മാണം ഒരു മാസത്തിനുള്ളിൽ പൂർത്തീകരിക്കുവാൻ ലക്ഷ്യമിടുന്നു. ദേവികുളം താലൂക്കിൽ കെ.ഡി.എച്ച്.പി. - യുടെ ന്യായമക്കാട് എസ്റ്റേറ്റിന്റെ പെട്ടിമുടി ഡിവിഷനിൽ ഉണ്ടായ ഉരുൾപൊട്ടലിൽ വീട് നഷ്ടപ്പെട്ട തോട്ടം തൊഴിലാളികൾക്ക് സർക്കാർ കുറ്റിയാർ വാലിയിൽ അനുവദിച്ച ഭൂമിയിൽ കെ.ഡി.എച്ച്.പി. കമ്പനി നിർമ്മിച്ച് വരുന്ന 8 വീടുകളുടെ നിർമ്മാണം അന്തിമ ഘട്ടത്തിലാണ്. ഭവനരഹിതരും ഭൂരഹിതരുമായ തോട്ടം തൊഴിലാളികൾക്കുള്ള ഭവനം പ്രോജക്ട് ആയ-ഓൺ യുവർ ഓൺ ഹൗസിംഗ് സ്കീമിന് കീഴിൽ G+2 മാതൃകയിൽ 400 ചതുരശ്രഅടി വിസ്തീർണ്ണമുള്ള 9 അപ്പാർട്ട്മെന്റുകൾ ഉൾപ്പെടുന്ന സാന്ദ്രത കുറഞ്ഞ കെട്ടിടങ്ങൾ നിർമ്മിക്കുന്നതിനായി ദേവികുളം താലൂക്ക് കെ.ഡി.എച്ച്. വില്ലേജിലെ സർവേ നമ്പർ 63-ലുള്ള 5 ഏക്കർ 49 സെന്റ് സ്ഥലം കണ്ടെത്തിയിട്ടുണ്ട്. പ്രസ്തുത ഭൂമി തൊഴിൽ വകുപ്പിന് ലഭ്യമാക്കുന്നതിനായി ജില്ലാ കളക്ടർക്ക് അപേക്ഷ നൽകുകയും തഹസിൽദാർ സംയുക്ത സൈറ്റ് പരിശോധന നടത്തി, അതിർത്തിക്കല്ലുകൾ സ്ഥാപിച്ച് ഭൂമി അടയാളപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. സ്ഥലം ഏറ്റെടുക്കുന്ന മുറയ്ക്ക് നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ